40

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 MAY 2023


## മെയ് ദിനാശംസകൾ



# കേരളത്തിന്റെ ആദ്യ കയറ്റുമതി നയം രണ്ട് മാസത്തിനുള്ളിൽ

### ബഹു. മന്ത്രി ശ്രീ. പി.രാജീവ്

സംസ്ഥാനത്തിന്റെ ആദ്യ കയറ്റുമതി നയം രണ്ട് മാസത്തിനുള്ളിൽ പ്രഖ്യാപിക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് അറിയിച്ചു. കേരളത്തിലെ കയറ്റുമതി മേഖലയിലുള്ളവരുമായി കൊച്ചിയിൽ നടത്തിയ മുഖാമുഖം പരിപാടിയിലാണ് ബഹു. മന്ത്രി ഇക്കാര്യം അറിയിച്ചത്. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാന തലത്തിൽ രൂപീകരിക്കും. വ്യവസായ - വാണിജ്യ ഡയറക്ടറേറ്റിലും ജില്ലാ വ്യവസായ കേന്ദ്രം ഓഫീസുകളിലും കയറ്റുമതി പ്രോത്സാഹന കാര്യങ്ങൾക്ക് മാത്രമായി നോഡൽ ഓഫീസർമാരെ നിയമിക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു.

എറണാകുളം മാരിയറ്റ് ഹോട്ടലിൽ കെ.എസ്.ഐ.ഡി.സി സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ സംസ്ഥാനത്തെ കയറ്റുമതി മേഖലയിൽ നിന്നുള്ള വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളുമാണ് പങ്കെടുത്തത്. കയറ്റുമതിക്കായി കൊമേഴ്സ് മിഷൻ ശക്തിപ്പെടുത്തുമെന്നും മെഡിക്കൽ ഡിവൈസസ്, ഇലക്ട്രോണിക്സ് മേഖലകളിലെ ആഗോള കമ്പനികളുടെ സ്റ്റോക്ക് യാഡ്, അസംബ്ളിംഗ് സെന്ററുകൾ എന്നിവ കേരളത്തിലേക്ക് എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു. വിമാനത്താവളങ്ങളോട് ചേർന്ന് കയറ്റുമതി ഉൽപന്നങ്ങളുടെ ഗുണനിലവാര പരിശോധനക്കും സംഭരണത്തിനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമെന്നും ബഹു. മന്ത്രി കൂട്ടിച്ചേർത്തു.

ഇലക്ട്രോണിക്സ് മേഖലയിലും പ്രധാന ആഗോള കമ്പനികളേയും ഘടക ഉൽപന്നങ്ങളുടെ വിതരണക്കാരേയും കേരളത്തിലേക്ക് എത്തിക്കാൻ പരിപാടി തയ്യാറാക്കും. സിംഗപ്പൂർ മാതൃകയിൽ പ്രധാന ആഗോള കമ്പനികളുടെ സ്റ്റോക്ക്‌യാർഡുകൾ കേരളത്തിൽ ആരംഭിക്കാനായിരിക്കും ശ്രമിക്കുക. വിമാനത്താവളങ്ങളിലെ ടെർമിനൽ കൈകാര്യ ചെലവ് കയറ്റുമതിക്കാരുടെ ആവശ്യങ്ങൾ കൂടി കണ്ടു വേണം നിശ്ചയിക്കാനെന്നും കൊച്ചി തുറമുഖത്തെ തൊഴിൽ പ്രശ്നങ്ങൾ രമ്യമായി കൈകാര്യം ചെയ്യുന്നതിന് സ്ഥിരം സമിതി വേണമെന്നും പ്രതിനിധികൾ ആവശ്യമുന്നയിച്ചു.

കയർ, മറൈൻ, ഫുഡ്, ഇലക്ട്രോണിക്സ് സിസ്റ്റം ഡിസൈൻ ആൻഡ് മാനുഫാക്ചറിങ്, അലൂമിനിയം തുടങ്ങി കേരളത്തിലെ വിവിധ കയറ്റുമതി മേഖലകളിൽ നിന്നുള്ളവർ ചർച്ചയിൽ പങ്കെടുത്തു. നോർക്ക, വ്യവസായം പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി ചെയർമാൻ ശ്രീ. പോൾ ആന്റണി ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി എം.ഡി ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്, കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. വിജീഷ് കുമാർ ഐ.ആർ.എസ്, ജോയിന്റ് ഡി.ജി.എഫ്.ടി., ശ്രീ. കെ.എം.ഹരിലാൽ; എം.പി.ഇ.ഡി.എ ജോയിന്റ് ഡയറക്ടർ, മാർക്കറ്റിങ് ശ്രീ. പി.അനിൽ കുമാർ, എ.പി.ഇ.ഡി.എ ബിസിനസ് ഡവലപ്മെന്റ് മാനേജർ ശ്രീ. എസ്.മനീഷ, എഫ്.ഐ.ഇ.ഒ അസിസ്റ്റന്റ് ഡയറക്ടർ ആൻഡ് ഹെഡ് ശ്രീ. എം. സി. രാജീവ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

### എന്റെ കേരളം പ്രദർശന വിപണന മേള

# തലയുയർത്തി വ്യവസായ വകുപ്പ്

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷിക ദിനത്തിനോടനുബന്ധിച്ചു സംഘടിപ്പിക്കുന്ന 'എന്റെ കേരളം' പ്രദർശന വിപണന മേളയിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ പവലിയനുകൾ ശ്രദ്ധ നേടുന്നു. എറണാകുളം. ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ ഇതിനോടകം സമാപിച്ച 'എന്റെ കേരളം' പ്രദർശന വിപണന മേളയിൽ ഒരുക്കിയിരിക്കുന്ന സേവനങ്ങളും, പൊതുജന പങ്കാളിത്തവും കൊണ്ട് മികച്ച പ്രതികരണമാണ് വ്യവസായ വാണിജ്യ വകുപ്പിന്റെ പവലിയനുകൾക്ക് ലഭിച്ചത്.

സംരംഭകർക്ക് ബാങ്ക് വായ്പ എടുക്കുന്നതിനും വിവിധ സർക്കാർ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനും ആവശ്യമായ സമഗ്ര പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി വ്യവസായ വകുപ്പിന്റെ ഡിപിആർ ക്ലിനിക്ക്, സംരംഭക സഹായ കേന്ദ്രം, വിവിധ ഓൺലൈൻ സേവനങ്ങൾ, വിവിധങ്ങളായ ബിസിനസ്സ് മീറ്റുകൾ, ബിസിനസ്സ് ഡിസ്കഷനുകൾ പ്രോഡക്ട് ലാഞ്ചുകൾ ജോബ് ഫെയറുകൾ എന്നിവ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 'എന്റെ കേരളം പരിപാടിയോടനുബന്ധമായി ഒരുക്കിയിരുന്നു.




എറണാകുളത്ത് സംഘടിപ്പിച്ച എന്റെ കേരളം മെഗാ പ്രദർശനത്തിൽ ഗവണ്മെന്റ് തീം സ്റ്റാൾ വിഭാഗത്തിൽ വ്യസവായ വകുപ്പൊരുക്കിയ സ്റ്റാൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി

എന്റെ കേരളം മെഗാ പ്രദർശനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2023 ഏപ്രിൽ 1 ന് എറണാകുളം മറൈൻഡ്രൈവിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു. ചടങ്ങിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അധ്യക്ഷത വഹിച്ചു. 2023 ഏപ്രിൽ 1 മുതൽ ഏപ്രിൽ 8 വരെ എറണാകുളം മറൈൻ ഡ്രൈവിലും, 2023 ഏപ്രിൽ 9 മുതൽ 15 വരെ പാലക്കാട് ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയത്തിലും, 2023 ഏപ്രിൽ 11 മുതൽ 17 വരെ കണ്ണൂർ ജില്ലയിൽ പോലീസ് മൈതാനിയിലും, 2023 ഏപ്രിൽ 17 മുതൽ ഏപ്രിൽ 23 വരെ ആലപ്പുഴ ബീച്ചിലും, 2023 ഏപ്രിൽ 24 മുതൽ 30 വരെ വയനാട് കൽപ്പറ്റ എസ്.കെ.എം.ജെ സ്കൂൾ മൈതാനത്തിലുമായിരുന്നു എന്റെ കേരളം പരിപാടി സംഘടിപ്പിച്ചത്.

എറണാകുളം ജില്ലയിൽ എന്റെ കേരളം മെഗാ പ്രദർശനത്തിൽ ഗവണ്മെന്റ് തീം സ്റ്റാൾ വിഭാഗത്തിൽ വ്യവസായ വകുപ്പൊരുക്കിയ സ്റ്റാൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. കൂടാതെ ആലപ്പുഴ ജില്ലയിൽ സംഘടനാ മികവിനുള്ള പുരസ്കാരം ജില്ലാ വ്യവസായ കേന്ദ്രം തദ്ദേശ സ്വയംഭരണ വകുപ്പും കുടുംബശ്രീ മിഷനുമായി പങ്കുവച്ചു.

## പുതിയ കാലം, പുതിയ പാഠങ്ങൾ;

# ബാംബൂ അഡ്വാൻസ് ട്രെയിനിങ് വർക്ക്ഷോപ്പിന് തുടക്കമായി









**കേ**രള സംസ്ഥാന ബാംബൂ മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID) ബാംഗ്ലൂരുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ബാംബൂ അഡ്വാൻസ് ട്രെയിനിങ് വർക്ക്ഷോപ്പിന് തുടക്കമായി. 2023 ഏപ്രിൽ 24 മുതൽ 29 വരെയും മെയ് 1 മുതൽ 6 വരെയും വീതമുള്ള 2 ബാച്ചുകളിലായി അങ്കമാലി ബാംബു ഇന്നൊവേഷൻ സെന്ററിൽ വച്ചാണ് 6 ദിവസങ്ങൾ വീതം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. NID, ബാംഗ്ലൂരിൽ നിന്ന് പ്രിൻസിപ്പൽ ഡിസൈനർ ശ്രീ. എസ്. സുശാന്തിന്റെ നേതൃത്വത്തിൽ 4 പരിശീലകരാണ് ഈ പരിപാടിയിൽ പങ്കെടുക്കുന്നത്.

കേരള സംസ്ഥാന ബാംബൂ മിഷൻ 2022 നവംബർ 27 മുതൽ ഡിസംബർ 4 വരെ എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് വച്ച് സംഘടിപ്പിച്ച കേരള ബാംബു ഫെസ്റ്റ് 2022 ൽ പങ്കെടുത്ത കരകൗശല പ്രവർത്തകർ നിർമ്മിച്ചതിൽ മികച്ച ഒരു ഉല്പന്നത്തെ തിരഞ്ഞെടുത്ത് അത് ബാംബൂ ഫെസ്റ്റ് ക്രാഫ്റ്റ് ഗ്യാലറിയിൽ പ്രദർശിപ്പിക്കുകയും പ്രസ്തുത ഉല്പന്നങ്ങളുടെ മൂല്യനിർണ്ണയം നടത്തി മികച്ച 30 ഉല്പന്നങ്ങളെ നിർമ്മിച്ച കരകൗശല പ്രവർത്തകരെ തിരഞ്ഞെടുക്കുകയുമായിരുന്നു. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെട്ട 30 പേർക്കാണ് 15 പേർ വീതമുള്ള രണ്ട് ബാച്ചുകളിലായി 6 ദിവസം വീതമുള്ള പരിശീലനം നൽകുന്നത്. തിരഞ്ഞെടുക്കപ്പെട്ട കലാകാരന്മാർ മുൻപ് മറ്റ് മുള ഉത്പന്ന പരിശീലന പരിപാടികളിൽ പങ്കെടുത്തിട്ടില്ലാത്തവരാണ് എന്നത് ഈ പരിപാടിയുടെ മാറ്റ് കൂട്ടുന്നതാണ്. നവ കരകൗശല കലാകാരന്മാരെ ഈ മേഖലയിൽ കൈപിടിച്ചുയർത്തുന്നതിനും പരമാവധി പിന്തുണ ഉറപ്പാക്കുന്നതിനും ഇത്തരം പരിശീലന പരിപാടികൾ സഹായിക്കും.

നിത്യപയോഗപ്രദമായ (utility) നിരവധി ഉൽപ്പന്നങ്ങളുടെ രൂപകൽപ്പനകളും പരമ്പരാഗത മുള ഉത്പന്നങ്ങളോടൊപ്പം ന്യൂജൻ ഡെക്കറേറ്റീവ് ഉത്പന്ന നിർമാണ പരിശീലനവുമാണ് വർക്ക്ഷോപ്പിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. പരമ്പരാഗത ശൈലിയിൽ നൂതനാശയങ്ങൾ സമന്വയിപ്പിച്ച് പുതു ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും ബാംബൂ കരകൗശല വിദഗ്ദർക്ക് വിപണിയിൽ സജീവമായി ഇടപെടുന്നതിനും വർക്ക്ഷോപ്പിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷനാണ് ബാംബൂ അഡ്വാൻസ് ട്രെയിനിങ് വർക്ക്ഷോപ്പിന്റെ സംഘാടകർ.

## കുടുംബശ്രീയുടെ മെഷീനറി & ടെക്നോളജി എക്സ്പോയിൽ ശ്രദ്ധേയമായി

# പിഎംഎഫ്എംഇ സ്റ്റാൾ




കേരളത്തിലെ കാർഷിക മേഖലക്ക് കൈത്താങ്ങാകുന്നതിനും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു സാമ്പത്തിക, സാങ്കേതിക, ബിസിനസ് പിന്തുണ ലഭ്യമാക്കുന്നതിനുമായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്

**പി. എം. എഫ്. എം. ഇ.**



**കു**ടുംബശ്രീയുടെ ഇരുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 2023 ഏപ്രിൽ 22, 23 തീയതികളിൽ സംഘടിപ്പിച്ച മെഷീനറി & ടെക്നോളജി എക്സ്പോയിലെ പിഎംഎഫ്എംഇ സ്റ്റേറ്റ് നോഡൽ ഏജൻസി തയ്യാറാക്കിയ സ്റ്റാൾ പൊതുജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. എറണാകുളം ജില്ലയിലെ കളമശ്ശേരിയിലുള്ള സമ്ര ഇന്റർനാഷണൽ കൺവെൻഷൻ ആൻഡ് എക്സിബിഷൻ സെന്ററിൽ ഏപ്രിൽ 23ന് രാവിലെ 10.30 ന് ബഹുമാനപ്പെട്ട നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ആയിരുന്നു ഉദ്ഘാടനം നിർവഹിച്ചത്.

കേരളത്തിലെ കാർഷിക മേഖലക്ക് കൈത്താങ്ങാകുന്നതിനും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു സാമ്പത്തിക, സാങ്കേതിക, ബിസിനസ് പിന്തുണ ലഭ്യമാക്കുന്നതിനുമായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'പി.എം. - എഫ്.എം.ഇ. പദ്ധതിയുടെ സ്റ്റാൾ എക്സ്പോയുടെ മുഖ്യ ആകർഷണങ്ങളിൽ ഒന്നായിരുന്നു. 35% വായ്പ സബ്സിഡിയടക്കം സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുന്ന പി.എം. - എഫ്.എം.ഇ. പദ്ധതിയുടെ വിശദ വിവരങ്ങൾ പൊതുജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും സംശയനിവാരണത്തിനുമായി ഉദ്യോഗസ്ഥരുടെ സേവനവും സ്റ്റാളിൽ ഒരുക്കിയിരുന്നു.

## മിഷൻ 1000

# മെയ് 30 വരെ അപേക്ഷിക്കാം

തിരഞ്ഞെടുക്കുന്ന ആയിരം സംരംഭങ്ങളെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കൈപിടിച്ചുയർത്താൻ ലക്ഷ്യമിട്ട് വ്യവസായ വകുപ്പ് നടപ്പാക്കുന്ന മിഷൻ 1000 പദ്ധതിയിൽ മെയ് 30 വരെ അപേക്ഷിക്കാം. നിഷ്കർഷിച്ച അടിസ്ഥാന യോഗ്യതകളുള്ള എം.എസ്.എം.ഇകളെ സുതാര്യമായ സംവിധാനത്തിലൂടെ സ്കെയിൽ അപ് സ്കീമിനായി തിരഞ്ഞെടുത്ത് വ്യവസായ വകുപ്പ് പൂർണ പിന്തുണ നൽകും.

മൂലധന സബ്സിഡി, പ്രവർത്തന മൂലധന വായ്പയുടെ പലിശ സബ്സിഡി, ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം, ടെക്നോളജി നവീകരണത്തിനുള്ള സഹായം, ഗുണനിലവാര സർട്ടിഫിക്കേഷൻ നേടാൻ പ്രത്യേക സഹായം ഉൾപ്പെടെയുള്ള പിന്തുണ നൽകലാണ് മിഷൻ 1000ന്റെ ലക്ഷ്യം. വിശദവിവരങ്ങൾക്കും ഓൺലൈൻ അപേക്ഷയ്ക്കും വ്യവസായ വകുപ്പിന്റെ https://mission1000.industry.kerala.gov.in/public/index.php/public സന്ദർശിക്കുക.



Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.